മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

20 (*200) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ ;

(ബി) ഫിഷിംഗ് ഹാർബറുകളുടെ വികസനത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) തീരദേശ മേഖലയെ മറ്റു മേഖലകളും നാഷണൽ ഹൈവേയുമായി ബന്ധപ്പെടുത്തുന്ന റോഡുകളുടെ വികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) മത്സ്യ വിപണനത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മാർക്കറ്റുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം, ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണം, തീരദേശ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, പാലങ്ങളുടെ നിർമ്മാണം, ഫിഷറീസ്, ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ഹാച്ചറികൾ, സുനമി പുനരധിവാസ പദ്ധതികൾ, തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി (3545 ലക്ഷം, 50% കേന്ദ്രാവിഷ്കൃത പദ്ധതി) കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖം (1925.74 ലക്ഷം 50% കേന്ദ്രാവിഷ്കൃത പദ്ധതി) കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മത്സ്യബന്ധന തുറമുഖം (1975 ലക്ഷം-ആർ.കെ.വി.വൈ.), ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖം ഒന്ന്, രണ്ട് ഘട്ടങ്ങൾ (500 ലക്ഷം, 495 ലക്ഷം സംസ്ഥാന പദ്ധതി), അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം-ഒന്നാംഘട്ടം (500 ലക്ഷം റ്റി.ആർ.പി.), എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖം ഒന്നാംഘട്ടം (500 ലക്ഷം റ്റി.ആർ.പി.) എന്നിവ ആരംഭിച്ചു. ചെല്ലാനം, അർത്തുങ്കൽ എന്നിവയുടെ ഒന്നാംഘട്ട പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. മറ്റ് മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 75% കേന്ദ്രാവിഷ്കൃത പദ്ധതിയായി അംഗീകാരം

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമായ ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ (3024 ലക്ഷം) പ്രധാന പ്രവൃത്തികൾക്ക് കരാറിലേർപ്പെട്ടു. ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ (2906 ലക്ഷം) പ്രധാന പ്രവൃത്തികളുടെ ദർഘാസുകൾ സർക്കാർ പരിഗണനയിലാണ്. നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന ചെല്ലാനം മത്സ്യബന്ധന തുറമുഖം രണ്ടാംഘട്ടം (2990 ലക്ഷം) പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തിക്കുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ, തങ്കശ്ശേരി, നീണ്ടകര, കായംകുളം,പുതിയാപ്പ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾക്കായി എൻ.എഫ്.ഡി.ബി.-യിൽ നിന്നും സഹായം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തീരദേശ റോഡ് വികസന പദ്ധതിയിൻകീഴിൽ നിർമ്മാണം ഏറ്റെടുത്തിട്ടുള്ള ചില റോഡുകൾ ദേശീയ പാതയുമായോ ഇതര മേഖലകളുമായോ ഗതാഗതബന്ധം സാദ്ധ്യമാക്കുന്നവയാണ്. തീരദേശ റോഡുകളുടെ വികസനത്തിനായി ഇതിനകം 105 കോടി രൂപയുടെ പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

(ഡി) ആധുനിക മത്സ്യമാർക്കറ്റുകൾ പാങ്ങോട്, ആലുവ, പത്തനംതിട്ട, നോർത്ത് പറവൂർ, എറണാകുളം ബ്രോഡ്‌വേ, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി 1340 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ വിഹിതമായി 154.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ പ്രവർത്തനം

21 (*201) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇവിടെ ഏതെല്ലാം പ്രൊഫഷണൽ കോഴ്സുകളാണ് ഇപ്പോൾ നടത്തുന്നത് ;

(സി) ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്കായി പ്രത്യേക പരിശീലന പരിപാടികൾ കിറ്റ്സ് ആവിഷ്കരിച്ചിട്ടുണ്ടോ ; ഈ വർഷം ആരംഭിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly